# റൗസത്തുൽ ഉലൂം അസോസിയേഷൻ

പി.എ . ലത്തീഫ്

കേരള മുസ്ലിംകൾക്കുവേണ്ടി ഒരു ഫസ്റ്റ് ഗ്രേഡ് കോളെജ് — ഈ സ്വപ്നത്തിന്റെ സാക്ഷാത്കാരം സ്വന്തം പ്രവൃത്തിയിലൂടെ സാധിച്ചുകണ്ട് നിർവൃതിയടയാൻ ഭാഗ്യമുണ്ടായ മൗലവി അബുസ്സബാഹ് അഹ്മദലി സാഹിബ് തന്നെയാണ് നാല്പതാം വാർഷികവേളയിൽ പ്രഥമ സ്മരണീയൻ. കോളെജിന് അംഗീകാരം കിട്ടാൻ, അതൊരു അസോസിയേഷന് കീഴിലായിരിക്കണമെന്ന് സർവകലാശാലയുടെ നിബന്ധനയുണ്ടായിരുന്നു. ഫാറൂഖ് കോളെജ് സ്ഥാപിച്ചത് റൗസത്തുൽ ഉലൂം അസോസിയേഷന്റെ കീഴിലാണ്.

1906-ൽ ചാവക്കാട്ടെ വെമ്പേനാട് ഗ്രാമത്തിൽ ജനിച്ച്, അനാഥബാലനായി വളർന്ന അബുസ്സബാഹ് 18-ാം വയസ്സിൽ മദ്രാസ് ജമാലിയ കോളെജിലും അടുത്തവർഷം ഈജിപ്തിലെ അൽ അസ്ഹർ സർവകലാശാലയിലും വിദ്യാർഥിയായി ചേർന്നു. അനന്യമായ വിദ്യാഭ്യാസ താത്പര്യവും സ്ഥിരോത്സാഹവും അന്നേ അദ്ദേഹത്തിനുണ്ടായിരുന്നു. അൽ അസ്ഹറിൽവച്ച് ആ യുവാവ് വിദേശ വിദ്യാർഥികളുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങിയതും അവിടുത്തെ പണ്ഡിതനായ സയ്യിദ് റശീദ് രിസായെ തുറന്നെതിർത്തതും വലിയ സംഭവങ്ങളായി. മൗലാനാ മുഹമ്മദലിയോട് ' അടുപ്പമുണ്ടായിരുന്നു അദ്ദേഹം, അല്ലാമാ ഇഖ്ബാലിനെയും മൗലാനാ ആസാദിനെയും പരിചയപ്പെടുകയും ചെയ്തിരുന്നു. ഇന്ത്യയിലേക്കു മടങ്ങുന്നതിനു മുൻപ് പല ലോകരാഷ്ട്രങ്ങളും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. അസ്ഹറിൽനിന്ന് മടങ്ങിയശേഷം ബീഹാറിലൊരു കോളെജിൽ വകുപ്പു തലവനായും, മദ്രാസ് ജമാലിയായിൽ അധ്യാപകനായും ജോലി ചെയ്തു. കുറച്ചുകാലം കച്ചവടക്കാരനായും, വേറൊരിക്കൽ ബീഹാറിലെ ഒരു ബനിയൻ കമ്പനിയിൽ നൂൽമുറിക്കുന്ന തൊഴിലാളിയായും ഈ അസ്ഹർ ബിരുദധാരി പ്രവർത്തിച്ചു. ബീഹാറിൽവച്ച് മൗലവി അബുസ്സബാഹ് സന്യാസത്തിലേക്കു തിരിഞ്ഞു. അല്പം കഴിഞ്ഞു മൈസൂരിലെ ദുർഗമമായ മലയിലൊരു ഗുഹയിൽ ധ്യാനത്തിലും പ്രാർഥനയിലും മുഴുകി കുറെക്കാലം താമസിച്ചു. രോഗം ബാധിച്ച് പ്രജ്ഞയറ്റുകിടന്ന ആ താപസനെ മലവാസികൾ രക്ഷപ്പെടുത്തുകയായിരുന്നു. പിന്നെ ഗുണ്ടൽ പേട്ടയിലെ വിജനമായ ഒരു പുരാതന പള്ളിയിലായി ഏകാന്തവാസം. അവിടെ വച്ചാണ് ആനക്കയത്തെ കുഞ്ഞാലിക്കുട്ടിഹാജി അദ്ദേഹത്തെ കണ്ടതും വീട്ടിലേക്കു ക്ഷണിച്ചതും.

കറാച്ചിയിലും ബോംബെയിലുമൊക്കെ അല്പകാലം താമസിച്ചശേഷം ആനക്കയത്ത് ഹാജി സാഹിബിന്റെ വകയായുള്ള ഒറ്റപെപട്ട ഒരു വീട്ടിൽ മൗലവി അബുസ്സബാഹ് 'സന്യാസം' തുടർന്നു. മുൻ സ്ഥലങ്ങളിലുണ്ടായിരുന്ന അനുഭവം അവിടെയുമുണ്ടായി - ദിവ്യശക്തിയുള്ള സിദ്ധനാണദ്ദേഹമെന്ന് ധരിച്ചവരുടെ നിത്യസന്ദർശനം. രണ്ടാം ലോകയുദ്ധകാലമായിരുന്നതുകൊണ്ട് ജർമൻ ചാരനായിരിക്കുമെന്നു കരുതിയവരുമുണ്ടായിരുന്നു മൗ.അബുസ്സബ്ബാഹ് അഹമ്മദലി സാഹിബാകട്ടെ അജ്ഞതയിൽനിന്ന് സമുദായത്തെ എങ്ങനെ ഉദ്ധരിക്കാമെന്ന ചിന്തയിലായിരുന്നു. കുഞ്ഞാലിക്കുട്ടി ഹാജിയുടെ വിജനമായ തറവാട്ടുവീട്ടിൽ തന്നെ 1942-ൽ വെറും നാലു വിദ്യാർഥികളോടുകൂടി മൗലവി സാഹിബ് ആരംഭിച്ച പഠനകേന്ദ്രമാണ് കേരളത്തിലെ ആദ്യത്തെ അറബിക് കോളെജ്. 1944 ഒക്ടോബറിൽ കോളെജ് മഞ്ചേരിയിലേക്കു മാറ്റി സ്ഥാപിച്ചതോടെ മൗലവി സാഹിബിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു കുറേക്കൂടി വൈപുല്യവും അംഗീകാരവുമുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ചിന്തകൾ ഒരു അറബിക് കോളെജിന്റെ പ്രവർത്തനപരിധിയിൽ ഒതുങ്ങുന്നതായിരുന്നില്ല. മതവിദ്യാഭ്യാസത്തോടൊപ്പം ആധുനിക ഭൗതിക ശാസ്ത്രവിദ്യാഭ്യാസവും നേടിയാലേ സമുദായത്തിനു സമഗ്രമായ പുരോഗതി കൈവരിക്കാനാവൂ എന്ന വിശ്വാസക്കാരനായിരുന്നു അദ്ദേഹം.

ആയിടയ്ക്ക് ജനാബ് എം. കുഞ്ഞോയി വൈദ്യർ മൗലവി സാഹിബിനെ ചെന്നു കണ്ട് പരിചയപ്പെട്ടു. അറബിക് കോളെജിനു വേണ്ടി ഒരു അസോസിയേഷൻ സ്ഥാപിക്കേണ്ടതിനെക്കുറിച്ചാണ് മൗലവി സാഹിബ് ചിന്തിച്ചുവന്നിരുന്നത്. കോളെജ് കമ്മിറ്റിയുടെ സിക്രട്ടറി ഒരു അഭിഭാഷകനായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. കുഞ്ഞോയി വൈദ്യർ മുഖേനയാണ് കോഴിക്കോട്ടെ പ്രശസ്ത അഭിഭാഷകൻ എം.വി. ഹൈദ്രോസ് സാഹിബുമായി അദ്ദേഹം ബന്ധപ്പെട്ടത്. 1945-ൽ ഉണ്ടായ ആ കൂടിക്കാഴ്ച നിർണായകമായ വഴിത്തിരിവായി. 1946 ജനുവരി 6-ാം തീയതി മൗലവി സാഹിബിൻെറ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് റൗസത്തുൽ ഉലൂം അസോസിയേഷനു രൂപം നല്കിയത്. താഴെ പറയുന്നവരാണ് അതിലുണ്ടായിരുന്നത്. പ്രസിഡണ്ട്: ജ: അബുസ്സബാഹ് അഹമ്മദലി സാഹിബ്, എം.എ. ( അസ്ഹർ ) റൗസത്തുൽ ഉലൂം അറബി കോളെജ് പ്രിൻസിപ്പാൾ, പോസ്റ്റ് മഞ്ചേരി. വൈസ് പ്രസിഡണ്ടുമാർ: ജ: കെ. മുഹമ്മദ് നഹ സാഹിബ്, ബി.എ.ബി.എൽ. അഡ്വക്കേറ്റ് പോസ്റ്റ്, കോഴിക്കോട്. ജ: സെയ്യിദലവി ജിഫ്റി തങ്ങൾ, ബി.എ., കച്ചവടം, പോസ്റ്റ്, കോഴിക്കോട്. ജ: കെ. കുഞ്ഞാലിക്കുട്ടിഹാജി സാഹിബ്, ലെജാൻജി, കച്ചവടം, പോസ്റ്റ് മഞ്ചേരി. ജനറൽ സിക്രട്ടറി: ജ: എം.വി. ഹൈദ്രോസ് സാഹിബ്, ബി.എ.ബി. എൽ. (എം.എൽ.എ.). അഡ്വക്കേറ്റ്, പോസ്റ്റ് കോഴിക്കോട്. അസിസ്റ്റൻറ് സിക്രട്ടറിമാർ: ജ: എം. കുഞ്ഞോയി വൈദ്യർ, ഫ്രാൻസിസ് റോഡ്, പോസ്റ്റ് കോഴിക്കോട്. ജ: കെ.പി. ചേക്കുട്ടി സാഹിബ്, കച്ചവടം, ആനക്കയം, പോസ്റ്റ് പാണായി. മെമ്പർമാർ ജ: അബ്ദുസ്സത്താർ ഹാജി ഇസ്ഹാഖ് സേട്ട് സാഹിബ്, എം.എൽ.എ (സെൻട്രൽ) കച്ചവടം, തലശ്ശേരി, പോസ്റ്റ് തലശ്ശേരി. ജ: കെ.എം. സീതി സാഹിബ്, ബി.എ.ബി.എൽ. അഡ്വക്കേറ്റ്, എം.എൽ.എ. തലശ്ശേരി, പോസ്റ്റ് തലശ്ശേരി. ജ: എ. അബ്ദുൾഖാദർ സാഹിബ്, കച്ചവടം, ചാവക്കാട്, പോസ്റ്റ് ചാവക്കാട്. ജ: ഒ.കെ. അബുബക്കർ സാഹിബ്, കച്ചവടം, മാഹി, പോസ്റ്റ് മാഹി. ജ: എസ്.എം. സെയ്ത് മുഹമ്മത് സാഹിബ്, തുണിക്കച്ചവടം, വലിയങ്ങാടി, പോസ്റ്റ് കോഴിക്കോട്. ജ: പുനത്തിൽ അബുബക്കർ സാഹിബ്, കച്ചവടം, ബിച്ച് റോഡ്, പോസ്റ്റ് കോഴിക്കോട്. ജ: ഹാജി പാലക്കണ്ടി അഹമ്മത് കോയ സാഹിബ്, കച്ചവടം, കല്ലായി, പോസ്റ്റ് കല്ലായി. ജ: ക ളത്തിങ്കൽ അവറാൻകുട്ടി സാഹിബ്, കച്ചവടം, പോസ്റ്റ് ഫറോഖ്. ജ: പി.വി. മുഹമ്മദ് മൗലവി ബി.എ.എൽ.ടി., മദ്രസത്തുൽ മുഹമ്മദീയ്യ മിഡിൽസ്കൂൾ, കോഴിക്കോട്. ജ: പി.കെ. മൂസാ മൗലവി സാഹിബ്, പുത്തുപാടം, പുളിക്കൽ. ജ: കെ.എം. മൗലവി സാഹിബ്, പോസ്റ്റ് തിരുരങ്ങാടി. ജനാബ്. എം.ടി. അബ്ദുറഹിമാൻ മൗലവി സാഹിബ്, പോസ്റ്റ് നിലമ്പൂർ. ജ: വി.കെ. ആലിസാഹിബ്, പി.ഡബ്ലിയു.ഡി. കോൺട്രാക്ടർ, മഞ്ചേരി. ജ: സി. അലവി സാഹിബ്, കച്ചവടം, മഞ്ചേരി, പോസ്റ്റ് മഞ്ചേരി. ജ: കെ. ഉണ്ണിമൊയ്തീൻ സാഹിബ്, കച്ചവടം, മഞ്ചേരി, പോസ്റ്റ് മഞ്ചേരി..

സൊസൈറ്റീസ് റജിസ്ട്രേഷൻ ആക്റ്റ് 1860 പ്രകാരം 1946 മെയ് 28-ാം തീയതി റൗസത്തുൽ ഉലൂം അസോസിയേഷൻ റജിസ്റ്റർ ചെയ്യപ്പെട്ടു. ജനാബ് എം. കുഞ്ഞോയി വൈദ്യരും അഡ്വക്കേറ്റ് എം.വി. ഹൈദ്രോസ് സാഹിബുമാണ് കോളെജ് സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തിയത്. മഞ്ചേരിയിൽനിന്ന് അറബിക് കോളെജ് ഫറോഖിലേക്കു മാറ്റി. 1947 മെയ് 17-ാം തീയതിചേർന്ന അസോസിയേഷൻെറ യോഗം ഒരു ഫസ്റ്റ് ഗ്രേഡ് കോളെജിന് അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചു. അപേക്ഷാഫീസായ 600 രൂപ കടം വാങ്ങിയിട്ടായിരുന്നു അസോസിയേഷൻ പ്രസിഡണ്ടായ മൗലവി സാഹിബ് മദിരാശി സർവകലാശാലയിൽ അപേക്ഷ സമർപ്പിച്ചത്.

അന്ന് റൗസത്തുൽ ഉലൂം ഫസ്റ്റ്ഗ്രേഡ് കോളെജ് എന്നായിരുന്നു പേർ നിർദേശിച്ചിരുന്നത് യൂനിവേഴ്സിറ്റി കമ്മീഷന്റെ പരിശോധനയ്ക്കുശേഷം 1948 ജൂൺ 12-ാം തീയതി ഫാറൂഖ് കോളെജ് എന്ന് പുനർനാമകരണം ചെയ്തു. 1948-ൽ തന്നെ ഫാറൂഖ് കോളെജിനും അറബിക് കോളെജിനും പ്രത്യേകം മാനേജിംഗ് കമ്മിറ്റികൾ നിലവിൽവന്നു. ജൂൺ 12-ാം തീയതി ഫാറൂഖ് കോളെജ് മാനേജിംഗ് കമ്മിറ്റിയും നവമ്പർ 18-ാം തീയതി റൗസത്തുൽ ഉലൂം അറബിക് കോളെജ് മാനേജിംഗ് കമ്മിറ്റിയും രൂപംകൊണ്ടു. അസോസിയേഷന്റെ പേരിലുണ്ടായിരുന്ന സർവസ്വത്തും ഈ രണ്ടു കമ്മിറ്റികളെ ചുമതലപ്പെടുത്തുംവിധം കൈമാറ്റം ചെയ്യപ്പെട്ടു. ഇപ്പോഴും വിവിധ സ്ഥാപനങ്ങളുടെ ഭരണസമിതികളെ നിർണയിക്കാനുള്ള അധികാരം റൗസത്തുൽ ഉലൂം അസോസിയേഷനുതന്നെയാണ്. ഫാറൂഖ് കോളെജിന്റെയും അറബിക് കോളെജിന്റെയും മാനേജിംഗ് കമ്മറ്റിയംഗങ്ങളെ അസോസിയേഷന്റെ ജനറൽബോഡിയോഗം തിരഞ്ഞെടുക്കുന്നു. ഫാറൂഖ് ട്രെയിനിംഗ് കോളെജിന്റെ മേൽനോട്ടം ഫാറൂഖ് കോളെജ് മാനേജിംഗ് കമ്മറ്റിയിലും ഫാറൂഖ് ഹൈസ്ക്കൂളിലെയും ഫാറൂഖ് എൽ.പി. സ്ക്കൂളിലെയും മേൽനോട്ടം അറബിക്കോളേജ് മാനേജിംഗ് കമ്മറ്റിയിലും നിക്ഷിപ്തമാണ്. വർഷത്തിലൊരിക്കൽ, സാധാരണ മധ്യവേനൽ അവധിക്കാലത്ത് അസോസിയേഷന്റെ ജനറൽബോഡി ചേർന്ന്, പുതിയ വർഷത്തേക്കുള്ള പ്രവർത്തകസമിതിയംഗങ്ങളെയും, മാനേജിംഗ് കമ്മിറ്റികളിലേക്കുള്ള അംഗങ്ങളെയും തിരഞ്ഞെടുക്കുന്നു.

റൗസത്തുൽ ഉലൂം അസോസിയേഷന്റെ ഇപ്പോഴത്തെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

എം. കുഞ്ഞോയി വൈദ്യർ, സി.കെ. ആലിക്കോയ ഹാജി, എസ്.എ. ജിഫ്രിസാഹിബ്, എ.കെ. കാതർകുട്ടി സാഹിബ്, പ്രൊഫ: കെ.എ. ജലീൽ സാഹിബ്, ഡോ: എം.കെ. മുഹമ്മദുകോയ സാഹിബ്, കെ.സി. ഹസ്സൻകുട്ടി സാഹിബ്, ഹാജി കെ. കുഞ്ഞിമുഹമ്മദ് എന്ന മാനു ഹാജി, വി. പക്കുഹാജി, ബി.വി. അബ്ദുള്ളക്കോയ സാഹിബ്, ഡോ: എം. മുഹമ്മുദ്, സി.കെ.പി. ചെറിയ മമ്മുക്കോയി, വി. ഹസ്സൻകോയ, അഡ്വക്കേറ്റ്, എ.വി. മുഹമ്മദ്, അഡ്വക്കേറ്റ്, എം. മുഹമ്മദ് അഡ്വക്കേറ്റ്, ജസ്റ്റിസ് എസ്.കെ. കാതർ, ഡോ: ഉസ്മാൻ, കെ.എസ്. അബ്ദുല്ല, പി.കെ. മൂസ്സ മൗലവി, എം.ടി. അബ്ദുറഹിമാൻ മൗലവി, പി.വി. മുഹമ്മദ് സാഹിബ്, വി.പി. അബ്ദുല്ല സാഹിബ്, ഹാജി എം. അഹമ്മദ് കുഞ്ഞി, പി.കെ. ആലി സാഹിബ്, ഹാജി കെ.പി. ഇബ്രാഹിം, എസ്. ഇസ്മായീൽ സാഹിബ്, ടി.പി. .കുട്ട്യാലി ഹാജി, വി.പി. കുഞ്ഞാലി ഹാജി, കെ. അബ്ദുല്ലക്കുട്ടി സാഹിബ്, കെ.പി. മൊയ്തീൻകുട്ടി, ഉമ്മർ ബാഫക്കി തങ്ങൾ, ടി.ഒ. അബ്ദുല്ല സാഹിബ്, പി.പി. അബൂബക്കർ കോയ ഹാജി, കെ.വി. കോയസ്സൻകോയ ഹാജി, കെ.വി. കുഞ്ഞഹമ്മദുകോയ സാഹിബ്, ആർ.പി. അബൂബക്കർ ഹാജി, പി. മുഹമ്മദ് കുട്ടശ്ശേരി, സെയ്ദ് ഫസൽ ജിഫ്രി, എ. അബ്ദുറഹിമാൻ സാഹിബ്, കെ.വി. മൂസ്സക്കോയ ഹാജി, കെ. കുഞ്ഞലവി, പ്രൊഫ: വി. മുഹമ്മദു സാഹിബ്, കെ.എ. ഹസ്സൻകുട്ടി സാഹിബ്, പി. കുഞ്ഞിമുഹമ്മദു സാഹിബ്, വി. മമ്മു സാഹിബ്, പി.ഐ. ആലിക്കോയ ഹാജി, കെ.എ. അലി മൗലവി, ഡോ: എം. അബ്ദുൾ മജീദ്, സി.എ . ഉമ്മർകോയ, പി.കെ. അഹമ്മദു സാഹിബ്, കെ. ഫൈസൽ റഹ്മാൻ, പി.എം. അബ്ദുറഹിമാൻ കോയ, പി.പി. അബ്ദുറഹിമാൻ കോയ, എം. അബ്ദുറഹിമാൻ, എൻ. ഉമ്മർ കോയ, വി.എം. മമ്മു സാഹിബ്, പി. അബ്ദുൽ ലത്തീഫ്.